**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ഇൻഷ്വറൻസ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. എ. നെല്ലിക്കുന്ന്</td><td colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇപ്പോൾ നിരത്തിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യുടെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെയും ഉടമസ്ഥതയിലുള്ള 5565 ബസുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:
<table>
<tr><th>Sl. No.</th><th>District</th><th>No. of Bus</th></tr>
<tr><td>1.</td><td>Alappuzha</td><td>367</td></tr>
<tr><td>2.</td><td>Ernakulam</td><td>531</td></tr>
<tr><td>3.</td><td>Idukki</td><td>232</td></tr>
<tr><td>4.</td><td>Kannur</td><td>256</td></tr>
<tr><td>5.</td><td>Kassaragod</td><td>165</td></tr>
<tr><td>6.</td><td>Kollam</td><td>623</td></tr>
<tr><td>7.</td><td>Kottayam</td><td>399</td></tr>
<tr><td>8.</td><td>Kozhikkode</td><td>301</td></tr>
<tr><td>9.</td><td>Malappuram</td><td>172</td></tr>
<tr><td>10.</td><td>Palakkad</td><td>232</td></tr>
<tr><td>11.</td><td>Pathanamthitta</td><td>273</td></tr>
<tr><td>12.</td><td>Thrissur</td><td>298</td></tr>
<tr><td>13.</td><td>Thiruvananthapuram</td><td>1466</td></tr>
<tr><td>14.</td><td>Wayanad</td><td>250</td></tr>
<tr><td></td><td>Total</td><td>5565</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ ബസ്സുകൾക്ക് ഇൻഷ്വറൻസ് ഉണ്ടോ എന്നും ഉണ്ടെങ്കിൽ ഫസ്റ്റ് ക്ലാസ് ഇൻഷ്വറൻസ് ആണോ എന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>നിലവിൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേയ്ക്കുള്ള എല്ലാ സൂപ്പർക്ലാസ് സർവീസുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉള്ളതാണ്. പുതുതായി നിരത്തിലിറക്കുന്ന എല്ലാ ബസുകൾക്കും ഇൻഷ്വറൻസ് എടുത്തുവരുന്നു. ടി ബസുകളിൽ കെ.എസ്.ആർ.ടി.സി-യുടെ 137 ബസുകൾക്കും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 476 ബസുകൾക്കും പാക്കേജ് ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ട്.</td></tr>
<tr><td>(സി)</td><td>ഇൻഷ്വറൻസ് ഇല്ലാത്ത ബസ്സുകൾ സർവീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം ജില്ല തിരിച്ച് നൽകാമോ;</td><td>(സി)</td><td>ഉണ്ട്.<br><br>ജില്ല തിരിച്ചുള്ള ബസ് ഇൻഷ്വറൻസ് വിവരം അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | കേരള സർക്കാരിന്റെ നോട്ടിഫിക്കേഷൻ SRO.222/65 തീയതി 13/05/1965 പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ബസുകളെ Motor Vehicle Act വകുപ്പ് 146 അനുസരിച്ചുള്ള ഇൻഷ്വറൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസുകളിലെ യാത്രക്കാർക്കും ജീവനക്കാർക്കും വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയായി 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ സെസ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ആയതിന്റെ വ്യവസ്ഥ പ്രകാരം അപകടം മുഖേന ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കൂടാതെ ടി ബസുകൾ ഉൾപ്പെടുന്ന അപകടവുമായി ബന്ധപ്പെട്ട് ബഹു.എം.എ.സി.റ്റി കോടതി മുഖേന കെ.എസ്.ആർ.ടി.സി. നഷ്ടപരിഹാരം നൽകിവരുന്നതുമാണ്. |
| (ഡി) | ഇൻഷ്വറൻസ് ഇല്ലാത്ത ബസ്സുകൾ അപകടത്തിൽപ്പെട്ടാൽ ഇൻഷ്വറൻസ് ക്ലെയിം വരികയാണെങ്കിൽ എന്താണ് ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത വാഹനങ്ങൾ അപകടത്തിൽപ്പെട്ടതിനെത്തുടർന്ന് ഉണ്ടാകുന്ന നഷ്ടപരിഹാര ക്ലെയിമുകൾ കോർപ്പറേഷൻ സ്വന്തം നിലയ്ക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

USQ 3838 C-വിഭാഗം (അനുബന്ധം)

| SL NO | DISTRICT | INSURED | NOT INSURED | Grand Total |
|---|---|---|---|---|
| 1 | KGD | 48 | 117 | 165 |
| 2 | KANNUR | 81 | 175 | 256 |
| 3 | WAYANAD | 100 | 150 | 250 |
| 4 | KOZHIKKODE | 143 | 158 | 301 |
| 5 | MALAPPURAM | 76 | 96 | 172 |
| 6 | PALAKKAD | 116 | 116 | 232 |
| 7 | THRISSUR | 150 | 148 | 298 |
| 8 | ERNAKULAM | 232 | 299 | 531 |
| 9 | IDUKKI | 118 | 114 | 232 |
| 10 | KOTTAYAM | 243 | 156 | 399 |
| 11 | ALAPPUZHA | 157 | 210 | 367 |
| 12 | PATHANAMTHITTA | 130 | 143 | 273 |
| 13 | KOLLAM | 245 | 378 | 623 |
| 14 | THIRUVANANTHAPURAM | 586 | 880 | 1466 |
| | Grand Total | 2425 | 3140 | 5565 |

CLO